ബി.എഡ്. ബിരുദധാരികളായ അദ്ധ്യാപകരെ എൽ.പി./യു.പി. വിഭാഗങ്ങളിൽ പരസ്പരം മാറ്റുന്നതിന് നടപടി

23(712) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ മാനേജ്മെന്റിന്റെ കീഴിലുള്ള എൽ.പി/യു.പി. സ്കൂളുകളിലേക്ക് നിയമന അംഗീകാരം ലഭിച്ച ബി.എഡ്. ബിരുദധാരികളായ അദ്ധ്യാപകരെ ഇരു വിഭാഗങ്ങളിലും പരസ്പരം മാറ്റി നിയമിക്കുന്നതിന് നിയമ തടസ്സം നിലവിലുണ്ടോ ;

(ബി) എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ജോലി സൗകര്യം കണക്കിലെടുത്ത് ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8-6-2000-ലെ ജി.ഒ.(പി)നമ്പർ 188/2000/പൊ.വി. ഉത്തരവ് പ്രകാരം എൽ.പി. വിഭാഗത്തിലും യു.പി. വിഭാഗത്തിനും ടി.ടി.സി. യോഗ്യതയായി നിശ്ചയിക്കുകയും യു.പി. വിഭാഗത്തിൽ ടി.ടി.സി.-ക്കാരോടൊപ്പം ബി.എഡ്.-കാരേയും പരിഗണിക്കാമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം ബി.എഡ്. ബിരുദധാരികൾ എൽ.പി. വിഭാഗത്തിൽ നിയമനത്തിനർഹരല്ല. 9-9-2009-ലെ ജി.ഒ. (പി) 180/2009/പൊ.വി. ഉത്തരവ് പ്രകാരം ബി.എഡ്. യോഗ്യതയുള്ളവരും യു.പി. വിഭാഗത്തിൽ ജോലി ചെയ്യുന്നതുമായ അദ്ധ്യാപകരെ എൽ.പി. വിഭാഗത്തിലേക്ക് ഷിഫ്റ്റ് ചെയ്തിട്ട് പകരം യു.പി. വിഭാഗത്തിൽ ബി.എഡ് ബിരുദധാരികളെ നിയമിക്കുന്നത് സർക്കാർ നിയന്ത്രിച്ചിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രീ-സ്കൂൾ

24(713) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രീ-സ്കൂൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) പ്രീ-സ്കൂൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly